"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

സഹകരണ വകുപ്പ് - വാർഷിക പദ്ധതി 2025-26 – സഹകരണ വകുപ്പിന്റെ ആധുനികവൽക്കരണത്തിന് ധനസഹായം - റിലീസ് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**സഹകരണ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.452/2025/Co-Op തീയതി,തിരുവനന്തപുരം, 25-10-2025

---

പരാമർശം:-

1. 13/05/2025 ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനം.
2. സഹകരണ സംഘം രജിസ്ട്രാറുടെ 25/06/2025ലെ ആർ.സി.എസ് /5101/2025പി &എം ബി(2) നം. കത്ത്.
3. സ.ഉ.(സാധാ)നം.345/2025/സഹ തീയതി 18/07/2025
4. സർക്കുലർ നം.35/2024/ധന തീയതി 12/06/2024

**<u>ഉത്തരവ്</u>**

സഹകരണ സംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള 14 ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, 78 അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, 64 അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും ഇ-ആഫീസ് സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി 2,75,00,000/-(രണ്ട് കോടി എഴുപത്തിയഞ്ച് ലക്ഷം രൂപ) അനുവദിക്കുന്നതിന് പരാമർശം (3) പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

2. ഇ-ആഫീസ് സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി അനുവദിച്ച 2,75,00,000/- രൂപ റിലീസ് ചെയ്യുന്ന വിഷയം സർക്കാർ വിശദമായി പരിശോധിച്ചു. സഹകരണ സംഘം

രജിസ്ട്രാറുടെ ശിപാർശയുടെയും, **13/05/2025** ലെ വർക്കിംഗ് ഗ്രൂപ്പ് യോഗ തീരുമാനത്തിന്റെയും അടിസ്ഥാനത്തിൽ, സഹകരണസംഘം രജിസ്ട്രാറുടെ നിയന്ത്രണത്തിലുള്ള **14** ജോയിന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, **78** അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) ആഫീസുകളിലും, **64** അസിസ്റ്റന്റ് ഡയറക്ടർ (ആഡിറ്റ്) ആഫീസുകളിലും ഇ-ആഫീസ് സംവിധാനം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് വിവിധ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നതിനായി നിലവിലെ സീലിംഗ് ലിമിറ്റിനുള്ളിൽ നിന്ന് കൊണ്ട് മേൽ തുകയുടെ **35%** ആയ **96.25** ലക്ഷം രൂപ (തൊണ്ണൂറ്റാറ് ലക്ഷത്തി ഇരുപത്തയ്യായിരം രൂപ മാത്രം) **2425-00-001-91-00-99-0-P-V** ശീർഷകത്തിൽ നിന്നും റിലീസ് ചെയ്യുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

**3.** പരാമർശം **(4)** സർക്കുലറിലെ നിർദ്ദേശങ്ങൾ കർശനമായി പാലിച്ചുകൊണ്ട്, റിലീസ് തുക, ബന്ധപ്പെട്ട ശീർഷകങ്ങളിൽ നിന്നും, **2025-26** സാമ്പത്തികവർഷത്തിൽ സഹകരണ സംഘം രജിസ്ട്രാർ പിൻവലിച്ച് നൽകേണ്ടതും ഫണ്ട് വിനിയോഗം സംബന്ധിച്ച് സൂക്ഷ്മമായി നിരീക്ഷിയ്ക്കേണ്ടതുമാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

അജി ഫിലിപ്പ്

അഡിഷണൽ സെക്രട്ടറി

സഹകരണ സംഘം രജിസ്ട്രാർ, തിരുവനന്തപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള, തിരുവനന്തപുരം.

ജില്ലാ ട്രഷറി ആഫീസർ, തിരുവനന്തപുരം.

ധനകാര്യ (അഗ്രി-സി) വകുപ്പ് (അഗ്രി സി**1/178/2023**/ധന)

വെബ് **&** ന്യൂ മീഡിയ, ഓഫീസ് കോപ്പി (ബി**3/125/2025**)

ഉത്തരവിൻ പ്രകാരം

Signed by
Priyanka T V
Date: 25-10-2025 12:06:03

സെക്ഷൻ ഓഫീസർ

പകർപ്പ്:- ബഹു.സഹകരണ വകുപ്പ് മന്ത്രിയുടെ പി.എസ്.

സഹകരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എ.